# Govt.HSS Marayamuttom


Email : ghssmtm@gmail.com Phone:04712277257
Email : ghssmarayamuttom@gmail.com Phone:04712275257


# മഴവില്ല്

( സ്കൂൾ പത്രം)



2018 സെപ്തംബർ 6

## ഗുരു വന്ദനം



മാരായമുട്ടം :സെപ്തംബർ 5 അധ്യാപകദിനം സ്കൂളിൽ ഗുരുവന്ദനമായി ആചരിച്ചു.ആദരണീയനായ പാറശ്ശാല എം എൽ എ ശ്രീ സി കെ ഹരീന്ദ്രൻ പ്രസ്തുത ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും , പിറ്റിഎ പ്രസിഡന്റ് ശ്രീ ജയധരൻ അധ്യക്ഷത വഹിക്കുകയും ചെയ്തു.തുടർന്ന് സ്കൂളിലെ പൂർവ്വ അധ്യാപകരായിരുന്ന ശ്രീ കൈന്തൻ സാർ, ശ്രീ ഭാസ്കരൻ സാർ, ശ്രീമതി പൊന്നമ്മാൾ പിള്ള ടീച്ചർ , ശ്രീമതി ഓമന ടീച്ചർ, ശ്രീമതി കെ പി ലീല ടീച്ചർ എന്നിവരെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.തുടർന്ന് 10F ക്ലാസ്സിലെ നമിത എന്ന വിദ്യാർത്ഥിനി അധ്യാപക ഗാനം ആലപിച്ചു.പ്രസ്തുത ചടങ്ങിൽ പ്രിൻസിപ്പൽ ശ്രീമതി അംബികാമേബൽ സ്വാഗതം ആശംസിക്കുകയും ഹെഡ്മാസ്റ്റർ ശ്രീ റോബർട്ട് ദാസ് നന്ദി അർപ്പിക്കുകയും ചെയ്തു.

## പ്രളയക്കെടുതിയിൽ നിന്നും കരകയറാൻ ഒരു കൈത്താങ്ങ്



മാരായമുട്ടം :ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് സംഭവിച്ച മഹാദുരന്തത്തിൽ പ്രളയബാധിതരെ സഹായിക്കാനായി സ്കൂളിലെ എൻ എസ്സ് എസ്സ് യൂണിറ്റിലെ കുട്ടികൾ സജീവമായി മുന്നിട്ട് നിന്നു.കുട്ടികൾ കഴിയുന്നത്ര ക്ലീനിംഗ് വസ്തുക്കൾ ശേഖരിച്ച് നെയ്യാറ്റിൻകര DEO ഓഫീസിൽ എത്തിച്ചു.സ്കൂളിലെ 9G യിൽ പഠിക്കുന്ന ഗോപിക എന്ന പെൺകുട്ടി 10 -ാം ക്ലാസ്സിലെത്തുമ്പോൾ ടൂർ പോകാനായി കുടുക്കയിൽ ശേഖരിച്ചു വച്ചിരുന്ന രൂപ സ്കൂളിന്റെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനചെയ്തുകൊണ്ട് മറ്റുള്ള കുട്ടികൾക്ക് മാതൃകയായി.

# സ്വാതന്ത്ര്യ ദിനാഘോഷം

- 

മാരായമുട്ടം :സ്വാതന്ത്ര്യദിനം സമുചിതമായ രീതിയിൽ തന്നെ സ്കൂളിൽ ആഘോഷിക്കുകയുണ്ടായി. പ്രിൻസിപ്പൽ ശ്രീമതി അംബികാമേബൽ പതാക ഉയർത്തി. തദവസരത്തിൽ വാർഡ് മെമ്പർ ശ്രീ ശ്രീധരൻ നായർ, പിറ്റിഎ പ്രസിഡന്റ് ശ്രീ ജയധരൻ, ഹെഡ്മാസ്റ്റർ ശ്രീ റോബർട്ട് ദാസ്, മദർ പിറ്റിഎ പ്രസിഡന്റ് , അധ്യാപകർ , എസ് പി സി കേഡറ്റ്സ്, സ്കൗട്ട് ആന്റ് ഗൈഡ്സ് , ജെ ആർ സി അംഗങ്ങൾ, മറ്റ് വിദ്യാർത്ഥികൾ എന്നിവർ ഹാജരായിരുന്നു.

**വിമുക്തി - കൈയ്യുറ പാവ നാടകം**

- 

മാരായമുട്ടം :കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിമുക്തി എന്ന കൈയ്യുറ നാടകം സ്കൂളിൽ അവതരിപ്പിക്കുകയുണ്ടായി . ലഹരി വിരുദ്ധ കേരളത്തിനായി ലഹരി വർജ്ജിക്കൂ , ആരോഗ്യം സംരക്ഷിക്കൂ എന്നതായിരുന്നു , അവരുടെ സന്ദേശം .വിദ്യാർത്ഥികൾ പാവ നാടകത്തിനെ ആവേശത്തോടെയാണ് നെഞ്ചിലേറ്റിയത്.

# പ്ലാസ്റ്റിക് പുനരുപയോഗ ദിനാചരണം

- 

മാരായമുട്ടം : പ്ലാസ്റ്റിക്കിനെ പാഴ്വസ്തുവായി വലിച്ചെറിയാതെ അതിനെ എങ്ങനെ പുനരുപയോഗിക്കാം എന്ന് കുട്ടികളെ മനസ്സിലാക്കിപ്പിക്കുന്നതിനു വേണ്ടി യു പി ക്ലാസ്സുകളിലെ കുട്ടികൾക്കായി ബി ആർ സി തലത്തിൽ 9/08/2018 വ്യാഴാഴ്ച പരിശീലനം സംഘടിപ്പിച്ചു.സ്കൂളിലെ അധ്യാപകർ തന്നെയാണ് അതിന് നേതൃത്വം നല്കിയത്.കുട്ടികൾ വളരെ താത്പര്യത്തോടെ അതിൽ പങ്കാളികളായി.

## കോഴിക്കുഞ്ഞ് വിതരണം



മാരായമുട്ടം : കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂളിലെ നിർധനരായ 50 കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും കോഴിക്കുഞ്ഞ് വിതരണം ചെയ്യുകയുണ്ടായി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുനിത ഐ ആർ പ്രസ്തുത ചടങ്ങ് ഉത്ഘാടനം ചെയ്തു. ചടങ്ങിൽ വാർഡ് മെമ്പർമാർ , പിറ്റിഎ പ്രസിഡന്റ് തുടങ്ങിയവർ പങ്കെടുത്തു.

## നാഗസാക്കി ദിനാചരണം



രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭാഗമായി 1945 -ൽ ജപ്പാനിലെ നാഗസാക്കിയിൽ അമേരിക്ക ബോംബ് വർഷിച്ചതിന്റെ ഓർമ്മനാളായി ആഗസ്റ്റ് 9-ാം തീയതി ലോകമെമ്പാടും നാഗസാക്കി ദിനംആചരിക്കുന്നു. സ്കൂളിലും ആഗസ്റ്റ് 9-ാം തീയതി പ്രത്യേക അസംബ്ലി കൂടി, നാഗസാക്കിദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ഓർമ്മപ്പെടുത്തി. സീനിയർ അസിസ്റ്റന്റ് ശ്രീലത ടീച്ചർ, സോഷ്യൽ സയൻസ് അധ്യാപകനായ അനിൽകുമാർ സാർ എന്നിവർ കുട്ടികളോട് നാഗസാക്കി ദിനത്തിനെക്കുറിച്ച് സംസാരിച്ചു.

## ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പ്



**ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കായുള്ള സ്കൂൾതല ഏകദിന ക്യാമ്പ് 4/08/2018 ശനിയാഴ്ച നടത്തുകയുണ്ടായി.മാസ്റ്റർ ട്രെയിനർ ശ്രീ മോഹൻ കുമാർ സർ കുട്ടികൾക്ക് ക്ലാസ്സെടുത്തു.വീഡിയോ എഡിറ്റിംഗ്,ആഡിയോ റിക്കോർഡിംഗ് , വീഡിയോയിൽ ശബ്ദം ചേർക്കൽ ,അനിമേഷൻ ടൈറ്റിലുകൾ ഉൾപ്പെടുത്തൽ, വീഡിയോ എക്സ്പോർട്ട് ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ കുട്ടികൾ വളരെ താത്പര്യത്തോടെ ചെയ്തു പൂർത്തിയാക്കി.**

## ഹലോ ഇംഗ്ലീഷ്

- 

5,6,7 ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി *Hello English , Know Your Students* എന്ന പദ്ധതി സ്കൂളിൽ നടപ്പിലാക്കുകയുണ്ടായി. അഞ്ചു സെക്ഷനുകളാണ് ഈ പാക്കേജിൽ ഉണ്ടായിരുന്നത്.എല്ലാ പ്രവർത്തനങ്ങളിലും കുട്ടികൾ വളരെ താത്പര്യത്തോടെയാണ് പങ്കെടുത്തത്.

## വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം

- 

മാരായമുട്ടം : 2018-19 അധ്യയന വർഷത്തിലെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം പാറശ്ശാല ഗവ ഹോസ്പിറ്റലിലെ ഡോക്ടറും സ്കൂളിന്റെ പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ ശ്രീജിത്ത് നിർവ്വഹിച്ചു. തദവസരത്തിൽ പ്രിൻസിപ്പൽ ശ്രീമതി അംബികാ മേബൽ , ഹെഡ്മാസ്റ്റർ ശ്രീ റോബർട്ട് ദാസ് എന്നിവർ കുട്ടികളോട് സംസാരിച്ചു.

## കുട്ടികൾക്കായി പത്രം സ്പോൺസർ ചെയ്യുന്നു.

-





# ലിറ്റിൽകൈറ്റ്സ്

- 

**മാരായമുട്ടം** : **ലിറ്റിൽകൈറ്റ്സ്** ഏകദിന പരിശീലനം ഹെഡ്മാസ്റ്റർ ശ്രീ റോബർട്ട് ദാസ് ഉദ്ഘാടനം ചെയ്തു.. ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ആദ്യപരിശീലനം 06/06/2018 ബുധനാഴ്ച നടന്നു. മാസ്റ്റർ ട്രെയിനർ ശ്രീ മോഹൻകുമാർ സർ ആണ് ക്ലാസ്സ് എടുത്തത്. കൈറ്റ് മിസ്ട്രസ്സായ ശ്രീമതി സന്ധ്യ ടീച്ചറും ക്ലാസ്സെടുത്തു.

# ഗവൺമെൻറ്. എച്ച്.എസ്.എസ് മാരായമുട്ടം/മികച്ച വിജയവുമായി....



# പരിസ്ഥിതി ദിനാചരണം

- 

**മാരായമുട്ടം** : ജൂൺ 5 ലോകപരിസ്ഥിതി ദിനത്തിൽ കുട്ടികൾക്ക് വൃക്ഷതൈ വിതരണം ചെയ്തു.സ്കൂൾ പരിസരത്ത് കുട്ടികളും ഹെഡ്മാസ്റ്ററും വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്തു.

# പ്രവേശനോത്സവം 2018-19

- 

2018-19 അധ്യയനവർഷത്തിലെ പ്രവേശനോത്സവം ബഹുമാനപ്പെട്ട പാറശ്ശാല MLA ശ്രീ സി കെ ഹരീന്ദ്രൻ അവർകൾ ഉദ്ഘാടനം ചെയ്തു.A+ വിജയികളെ ചടങ്ങിൽ അനുമോദിച്ചു.

# ഇന്റർ നാഷണൽ സ്കൂൾ പ്രഖ്യാപനവും പുതിയ മന്ദിരത്തിന്റെ ശിലാസ്ഥാപനവും........

- 

ചരിത്രമുറങ്ങുന്ന മാരായമുട്ടം ഗ്രാമത്തിൽ അക്ഷരവെട്ടം തെളിയിച്ച ഗവ. ഹയർസെക്കന്ററി സ്കൂൾ ഒരു ചരിത്രനിയോഗത്തിലേക്ക് വഴിമാറുന്നു. ഈ പഠനകേന്ദ്രത്തിന്റെ നെറുകയിൽ അന്താരാഷ്ട്ര വിജ്ഞാനകേന്ദ്രം എന്ന ഒരു പൊൻതൂവൽ കൂടി. . . . . . . . . . . . . . . . . .സംസ്ഥാനസർക്കാറിന്റെ ജനകീയ സംരംഭമായ നവകേരള മിഷൻ വഴി മാരായമുട്ടം സ്കൂളിനെ രാജ്യാന്തരനിലവാരത്തിലുള്ള മാതൃകാവിദ്യാലയമായി ഉയർത്തുന്നതിന്റെ പ്രഖ്യാപനവും നൂതന കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനകർമ്മവും 2017 ആഗസ്റ്റ് 11 വെള്ളിയാഴ്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രീ രവീന്ദ്രനാഥ് അവർകൾ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ ബഹുമാനപ്പെട്ട പാറശ്ശാല എം എൽ എ ശ്രീ സി കെ ഹരീന്ദ്രൻ അധ്യക്ഷനായിരുന്നു. മാരായമുട്ടം ഗ്രാമത്തിലെ മൺതരികളെ പോലും പുളകമണിയിച്ച ഈ ചടങ്ങിൽപ്രദേശത്തെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

